അനുബന്ധം

ചട്ടം 47(2) പ്രകാരം മേശപ്പുറത്തുവച്ച ചോദ്യത്തരങ്ങൾ

മിഷൻ 676 പദ്ധതി ചാലക്കുടി മണ്ഡലത്തിൽ

7303 ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിഷൻ 676 പദ്ധതിയുടെ ഭാഗമായി ഗ്രാമവികസനം, ആസൂത്രണം, സാംസ്കാരികം എന്നീ വകുപ്പുകളുടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് മിഷൻ 676-ന്റെ ഭാഗമായി ഗ്രാമവികസന വകുപ്പ് മുഖേന പി.എം.ജി.എസ്.വൈ., എം.ജി.എൻ.ആർ.ഇ.ജി.എസ്., ഐ.എ.വൈ, പദ്ധതികൾ ചാലക്കുടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

3025 ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ലോൺ സ്വീകരിച്ച് നിലവിൽ വിദ്യാഭ്യാസം തുടരുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിദ്യാഭ്യാസ വായ്പ എടുത്ത് വിദ്യാഭ്യാസം പൂർത്തിയാക്കി തൊഴിൽ ലഭിക്കാത്തവർ എത്ര; വായ്പ തിരിച്ചു പിടിക്കാൻ ബാങ്കുകൾ നടപടി ആരംഭിച്ച വായ്പ കുടിശ്ശികയുള്ളവർ എത്ര; വ്യക്തമാക്കുമോ ;

(ബി) വിവിധ ബാങ്കുകൾ സർക്കാരിന് ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടുണ്ടോ. ഇല്ലെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ശേഖരിക്കാൻ ആസൂത്രണ/സാമ്പത്തിക വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ ;

(സി) പ്രസ്തുത വിദ്യാഭ്യാസ വായ്പ ലഭ്യമായ വിദ്യാർത്ഥികൾക്ക് എന്തെല്ലാം കേന്ദ്ര/സംസ്ഥാന സഹായങ്ങൾ നൽകിവരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly